# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1650 — 03.05.2017-ൽ മറുപടിയ്ക്ക്

### ആയുർവേദ ആശുപത്രികൾ

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അസുഖങ്ങൾ ഭേദമാകുന്നതിന് വിവിധ തരത്തിലുള്ള ആയുർവേദ ചികിത്സ വളരെ ഫലപ്രദമാണെന്നതിനാൽ കേരളത്തിൽ ആകമാനം ആയുർവേദ ചികിത്സാ രീതി പ്രചരിപ്പിയ്ക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ; | (എ) | എല്ലാ ജില്ലാ ആയുർവേദ ആശുപത്രികളിലും സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മാനസിക, യോഗ തുടങ്ങിയ വിഭാഗങ്ങളും ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള യൂണിറ്റും വയോജനങ്ങൾക്കായുള്ള ജീറിയാട്രിക് പ്രോജക്ടും കരൾരോഗ നിവാരണത്തിനായുള്ള പ്രോജക്ടുകളും പഞ്ചകർമ്മ യൂണിറ്റുകളും സ്ത്രീകൾക്കായുള്ള പ്രസൂതി, കുട്ടികൾക്കായുള്ള കൗമാരഭൃത്യം എന്നീ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.<br>സ്കൂൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി സ്കൂൾ ഹെൽത്ത് പ്രോഗ്രാം, അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്കായി ക്ഷേമ ജനനി പ്രോജക്ട്, വയനാട് ജില്ലയിൽ സിക്കിൾ സെൽ അനീമിയ യൂണിറ്റ്, പക്ഷാഘാതം, പ്രമേഹം, പൈൽസ് തുടങ്ങിയവയ്ക്കായി പ്രത്യേക പ്രോജക്ടുകളും, കായിക താരങ്ങൾക്കായി സ്പോർട്സ് യൂണിറ്റും വയോജനങ്ങൾക്കായി സാമൂഹ്യ നീതി വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന വയോഅമൃതം പ്രോജക്ട്, ജീറിയാട്രിക് യൂണിറ്റ് എന്നിവയും പകർച്ചവ്യാധി പ്രതിരോധിക്കാനും ആയുർവേദം ഒരു ജീവിതചര്യയായി മാറ്റുന്നതിനും ഉതകുന്ന തരത്തിലുള്ള ലഘു ലേഖകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ , സെമിനാറുകൾ ഇവയും ആയുർവേദ ചികിത്സാ രീതി പ്രചരിപ്പിയ്ക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഓരോ നിയോജകമണ്ഡലത്തിന്റെയും പ്രത്യേകത അനുസരിച്ച് കിടത്തിച്ചികിത്സിയ്ക്കുന്ന തരത്തിൽ ആയുർവേദ ആശുപത്രികൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പ്രൊപ്പോസൽ ലഭ്യമാക്കിയാൽ കിടത്തി ചികിത്സിക്കുന്നതരത്തിൽ ആയുർവേദ ആശുപത്രികൾ തുടങ്ങുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ